Vol-1,N0:24
29-09-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. ക്രൈസ്തവ സമൂഹത്തിന് അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല :കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ.
02. ക്ഷേത്രത്തിലെ കുർബാന വിവാദമായി; പ്രശ്നപരിഹാരത്തിന് മെത്രാൻമാർ.
03. സ്വാശ്രയ ക്രൈസ്തവ മെഡിക്കൽ, എൻജി. കോളേജുകളിൽ വിജിലൻസ് പരിശോധന.
04. സുനാമിഫണ്ട്: കടലോരമേഖലയിൽ 95 ശതമാനവും ചെലവഴിക്കുമെന്നു സർക്കാർ.
05. സ്കൂൾ രാഷ്ട്രീയം : വിദ്യാഭ്യാസ അന്തരീക്ഷം തകർക്കും : കെ. സി. ബി. സി ഐക്യ-ജാഗ്രതാ കമ്മീഷൻ
06. രൂപതയുടെ സമരത്തിൽ പങ്കെടുത്ത പാർട്ടി അംഗങ്ങളോട് സി. പി. എം വിശദീകരണം തേടി.
07. വിദ്യാലയ രാഷ്ട്രീയം അനുവദിക്കില്ല: കെ. സി. ബി. സി.

## 01. ക്രൈസ്തവ സമൂഹത്തിന് അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല :കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ

(Deepika 26-09-2007)

ഭാരതത്തിലെ ക്രൈസ്തവ സമൂഹത്തിന് അവർ അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല (സി.സി. ഐ) യോഗം അഭിപ്രായപ്പെട്ടു. കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ പ്രസിഡന്റ് കർദ്ദിനാൾ ഡോ. ടെല സ്ഫോർ ടോപ്പായുടെ അധ്യക്ഷതയിൽ ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ ചേർന്ന കൗൺസിൽ എക്സിക്യൂട്ടീവ് യോഗത്തിലാണ് അഭിപ്രായമുയർന്നത്. ന്യൂനപക്ഷങ്ങളുടെ പരാതികൾ പരിഹ രിക്കുന്നതിനും അവരുടെ സാമൂഹിക-സാമ്പത്തിക പുരോഗതി ലക്ഷ്യമിടുന്നതിനും കേന്ദ്ര സർക്കാർ പരിപാ ടികളെ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും ക്രൈസ്തവ സമൂഹത്തിന് അവർ അർഹിക്കുന്ന പരിഗ ണന ലഭിക്കാൻ സഹായകരമല്ലെന്നും യോഗം ചൂണ്ടിക്കാട്ടി.

കത്തോലിക്കാ ന്യൂനപക്ഷത്തിന്റെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പുരോഗതി ലഭ്യമാക്കിയു ള്ള ഭരണ-നിയമപരങ്ങളായ പ്രത്യേക നടപടികൾ മറ്റു ചില പിന്നോക്ക സമുദായങ്ങളുടെ കാര്യത്തിലെന്ന പോലെ കത്തോലിക്കാ സമുദായത്തിനും ഉണ്ടാകണമെന്ന് യോഗം ആവശ്യപ്പെട്ടു. ഡിസംബർ ഒന്നു മുതൽ മൂന്നുവരെ റാഞ്ചിയിൽ നടക്കുന്ന കാത്തലിക് കൗൺസിൽ ഓഫ് (സി.സി.ഐ) ദ്വൈ-വാർഷിക സമ്മേളന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനാണ് ബാംഗ്ലൂരിൽ യോഗം ചേർന്നത്. ഭാരതത്തിലെ മെത്രാന്മാരുടെയും വൈദി ക-സന്യസ്ത-അൽമായരുടെയും പ്രതിനിധി സഭയാണ് കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 400-ലധികം പേർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. സ്ത്രീ ശാക്തീകരണം സഭയിലും സമൂഹത്തിലും എന്നതാണ് സമ്മേളനത്തിലെ മുഖ്യ പഠന-ചർച്ചാ വിഷയം. കത്തോലിക്കാ സഭ ദേശീയ പ്രാദേശിക തലങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളും യോഗത്തിൽ ചർച്ച ചെയ്യുമെന്ന് സി.സി.ഐ സെക്ര ട്ടറി ഫാ. വർഗീസ് പുല്ലൻ വ്യക്തമാക്കി. കർദ്ദിനാൾ ഡോ. ടെലസ്ഫോർ ടോപ്പോയുടെ അധ്യക്ഷതയിൽ ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ ഇന്നലെ ചേർന്ന കൗൺസിൽ എക്സിക്യൂട്ടീവ് യോഗം റാഞ്ചി സമ്മേളനത്തിനായുള്ള വിശദമായ പരിപാടികൾ തയ്യാറാക്കി. യോഗത്തിൽ ആർച്ച് ബിഷപ് ഡോ. സ്റ്റാനിസ്ലാവോസ് ഫെർണാണ്ടസ്, സി.ബി.സി.ഐ സെക്രട്ടറി ഫാ. തോമസ് തോമസ് സെക്വീരാ, സി.സി.ഐ വൈസ് പ്രസിഡന്റുമാരായ പ്രഫ. എബ്രാഹം അറയ്ക്കൽ, മ്യൂരിയൽ ഷൂണർ, ഫാ. വർഗ്ഗീസ് പുല്ലൻ, ട്രഷറർ ഡോ. പി.സി അനിയൻ കുഞ്ഞ്, സി.ആർ.ഐ സെക്രട്ടറി ബ്രദർ മാണി, അഞ്ജലി സൈറസ് തുടങ്ങിയവർ പ്രസംഗിച്ചു.

02. **ക്ഷേത്രത്തിലെ കുർബാന വിവാദമായി; പ്രശ്നപരിഹാരത്തിന് മെത്രാൻമാർ**

(Madhyam 25-09-2007)

ദൽഹി വാല്മീകി ക്ഷേത്രത്തിൽ മലയാളികളായ സീറോ മലബാർ കത്തോലിക്കാ വിഭാഗം ഞായറാഴ്ച കുർബാന അർപ്പിച്ചത് വിവാദമാകുന്നു. ക്ഷേത്രത്തിലല്ല, ഓഡിറ്റോറിയത്തിലാണ് കുർബാന നടത്തിയതെന്ന് വിശദീകരണവുമായി ദൽഹി അതിരൂപത രംഗത്തുവന്നിട്ടുണ്ടെങ്കിലും പള്ളിയിൽ കുർബാനയ്ക്ക് അവസരം നിഷേധിച്ചത് സഭയ്ക്ക് മൊത്തം നാണക്കേടുണ്ടാക്കിയതായി കത്തോലിക്കാ മെത്രാൻ സമിതി (സി. ബി. സി. ഐ) വൃന്തങ്ങൾ പറഞ്ഞു. ബാംഗ്ലൂരിൽ ചേർന്ന മെത്രാൻ സമിതി ദൽഹിയിലെ സീറോ മലബാർ–ലത്തീൻ തർക്കം എത്രയും വേഗം പരിഹരിക്കാൻ ദൽഹി കോൺസെസാവോക്ക് നിർദേശം നൽകി. കരോൾ ബാഗിലെ സെന്റ് മൈക്കിൾസ് ഇടവകയിൽ കഴിഞ്ഞ പത്തുവർഷത്തിലേറെയായി സീറോമലബാർ വിഭാഗത്തിൽപ്പെട്ടവർക്ക് മലയാളത്തിൽ കുർബാന അർപ്പിക്കാൻ അനുമതി നൽകിയിരുന്നു. സീറോ മലബാർ വിഭാഗം അടുത്തയിടെ പുതിയ പള്ളി നിർമ്മിക്കാൻ അനുമതി നേടിയതോടെയാണ് ലത്തീൻ വിഭാഗം ഇവരെ പള്ളിയിൽ നിന്ന് പുറത്താക്കി കുർബാനയ്ക്ക് അനുമതി നിഷേധിച്ചത്. എവിടെയെങ്കിലും കുർബാനയ്ക്ക് സൗകര്യം കണ്ടെത്തണമെന്ന് നിർദേശം നൽകിയിരുന്നതായി ദൽഹി അതിരൂപതയിലെ ഫാ. ജോർജ്ജ് മണിമല പറഞ്ഞു. ദൽഹിയിൽ ഒരു ലക്ഷത്തി പതിനായിരം കത്തോലിക്കരാണുള്ളത്. അതിൽ എഴുപതിനായിരത്തോളം പേർ മലയാളികളായ സീറോ മലബാർ വിഭാഗത്തിൽപ്പെട്ടവരാണ്. ദൽഹിയിൽ സീറോ മലബാർ രൂപത അനുവദിക്കണമെന്ന് നേരത്തേ ആവശ്യം ഉയർന്നിട്ടുണ്ടെങ്കിലും ലത്തീൻ വിഭാഗം ഇതിനെ എതിർത്തുവരികയായിരുന്നു.

സീറോ മലബാർ കുർബാനയ്ക്കും മറ്റ് വിശ്വാസപരമായ കാര്യങ്ങൾക്കും സൗകര്യം ചെയ്തുകൊടുക്കണമെന്ന് 1989–ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ നിർദേശം നൽകിയിരുന്നതാണ്. എന്നാൽ ദൽഹിയിലെ ലത്തീൻ ലോബി, പുതിയൊരു സീറോ മലബാർ രൂപത വരുന്നതിനെ എതിർത്തു വന്നു. സീറോ മലബാർ വിഭാഗം രൂപതയ്ക്ക് നീക്കങ്ങൾ ആരംഭിച്ചതോടെ ദൽഹിയുടെ പള്ളികളിൽ നിന്ന് അവരെ പുറത്താക്കാനുള്ള ശ്രമവും തുടങ്ങി. ദൽഹി രൂപത സഹകരിക്കാൻ തയ്യാറല്ലെങ്കിൽ മറ്റ് ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവരുമായി സഹകരിച്ച് വിശ്വാസികൾക്ക് കുർബാനയ്ക്ക് പങ്കെടുക്കാനുള്ള അവസരമൊരുക്കുമെന്ന് സീറോ മലബാർ വിഭാഗത്തിന് നേതൃത്വം നൽകുന്ന വൈദികൻ മാധ്യമത്തോട് പറഞ്ഞു.

03. **സ്വാശ്രയ ക്രൈസ്തവ മെഡിക്കൽ, എൻജി. കോളേജുകളിൽ വിജിലൻസ് പരിശോധന**

(Malayala Manorama 25-09-2007)

സർക്കാരുമായി കരാർ ഒപ്പിടാത്ത ഏതാനും സ്വാശ്രയ ക്രൈസ്തവ മെഡിക്കൽ കോളേജുകളിലും എൻജിനീയറിംഗ് കോളേജുകളിലും വിജിലൻസ് പരിശോധന. പ്രവേശനത്തിന്റെയും ഫീസിന്റെയും വിശദാംശങ്ങൾ വേണമെന്ന് ആവശ്യപ്പെട്ടാണ് പോലീസുകാർ കോളേജിലെത്തിയത്. ക്രിസ്ത്യൻ മാനേജ്മെന്റുകൾ പാവപ്പെട്ടവർക്ക് ഫീസ് ഇളവ് നൽകുന്നതിന്റെ വിശദാംശങ്ങളും അവർ ആരാഞ്ഞു.

ആവശ്യപ്പെട്ടതെല്ലാം നൽകാൻ തയാറാണെന്ന് അറിയിച്ച് കോളേജ് മാനേജ്മെന്റുകൾ ഇതു ചോദിച്ചുകൊണ്ടുള്ള കത്തോ, രേഖയോ നൽകണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ, മുകളിൽ നിന്നുള്ള നിർദേശപ്രകാരമാണ് തങ്ങൾ എത്തിയിരിക്കുന്നതെന്നും രേഖാമൂലം ഇവ ആവശ്യപ്പെടാനുള്ള കടലാസുകളൊന്നും കൈവശമില്ലെന്നും പറഞ്ഞ് പോലീസ് മടങ്ങി.

04. **സുനാമിഫണ്ട്: കടലോരമേഖലയിൽ 95 ശതമാനവും ചെലവഴിക്കുമെന്നു സർക്കാർ**

(Deepika 25-09-2007)

കടലോരമേഖലയിൽ 95 ശതമാനം സുനാമിഫണ്ടും വിനിയോഗിക്കുമെന്ന് ഫണ്ടുമായി ബന്ധപ്പെട്ട് ഉയർന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുമെന്നും ആലപ്പുഴ രൂപതയ്ക്കു സർക്കാർ ഉറപ്പുനൽകി. ഇതേത്തുടർന്നു സമരപരിപാടികൾ തത്കാലം നിർത്തിവെക്കുമെന്നു ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ അറിയിച്ചു. സുനാമിഫണ്ട് വകമാറ്റി ചെലവഴിച്ചതുമായി ബന്ധപ്പെട്ടു സർക്കാരിനെതിരേ സമരവുമായി മുന്നിട്ടിറങ്ങിയ പശ്ചാത്തലത്തിൽ ഇന്നലെ ആലപ്പുഴ ഗസ്റ്റ് ഹൗസിൽ രൂപതസമിതിയും മന്ത്രിമാരായ കെ. പി രാജേന്ദ്രൻ, ജി. സുധാകരൻ എന്നിവരുമായി നടത്തിയ ചർച്ചയിലാണു തീരുമാനം. തീരദേശ റോഡുകളുടെ നിർമ്മാണം, അന്ധകാരനഴി പാലം, ചെത്തിപ്പാലം, മിനിഹാർബർ തുടങ്ങി രൂപത മുന്നോട്ടുവെച്ച നിർദേശങ്ങൾ ഉടൻ പാലിക്കുമെന്നു മന്ത്രിമാർ ഉറപ്പു നൽകി. സുനാമി ഫണ്ട് വിനിയോഗിക്കാൻ മത്സ്യത്തൊഴിലാളി

ഗ്രാമങ്ങൾ ഉണ്ടാകണമെന്ന നിർദേശം രൂപത മുന്നോട്ടുവച്ചെങ്കിലും സങ്കേതിക തടസങ്ങൾ ഉള്ളതിനാൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്നു മന്ത്രിമാർ പറഞ്ഞു. ഫണ്ട് വിനിയോഗിക്കുന്നതിനു തീരദേശത്തെ സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിൽ ഉണ്ടായ തെറ്റു തിരുത്തുമെന്നു മന്ത്രി രാജേന്ദ്രൻ പറഞ്ഞു. വീടുനിർമ്മാണത്തിൽ എ. ഡി. എസിനുകൂടി പരിഗണന നൽകും. ആറാട്ടുപുഴയ്ക്കു മാത്രമായി 40 കോടിയും അന്ധകാരനഴിക്ക് അഞ്ചുകോടിയുമാണ് അനുവദിച്ചിരിക്കുന്നത്.

അന്ധകാരനഴിക്ക് അനുവദിച്ച തുക കുറവാണെന്നതിനാൽ ഇതിനു കൂടുതൽ പരിഗണന നൽകും. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രാഥമിക റിപ്പോർട്ടുകളിലുണ്ടായ വീഴ്ചകളിൽ തിരുത്തൽ വരുത്തുമെന്നും മന്ത്രിമാർ പറഞ്ഞു. ഇതിനിടെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ലെങ്കിലും മന്ത്രിമാർ നൽകിയ ഉറപ്പിൽ വിശ്വാസമുണ്ടെന്നു ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ പറഞ്ഞു. ഫണ്ട് വകമാറ്റിയതിൽ പ്രതിഷേധിച്ച് രൂപത കഴിഞ്ഞ ഞായറാഴ്ചയും ഇന്നലെയും ഇടയലേഖനം ഇറക്കിയതു സർക്കാരിനു തിരിച്ചടിയായിരുന്നു. പതിനായിരങ്ങൾ കളക്ടറേറ്റ് ഉപരോധിക്കുകയും ചെയ്തതോടെയാണ് സർക്കാർ ചർച്ചയ്ക്ക് തയ്യാറായത്. ഇന്നലെ നടന്ന ചർച്ചയിൽ ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ, കോർപ്പറേറ്റ് മാനേജർ ഫാ. സേവ്യർ കുടിയാംശേരി, വികാരി ജനറാൾ ഡോ. ആന്റണി തേറാത്ത്, ഫാ. സിജു പി. ജോബ്, പി. ജെ മാത്യു, മൈക്കിൾ പി.ജോൺ, പി.ജി ജോൺ ബ്രിട്ടോ എന്നിവരും ഉദ്യോഗസ്ഥരും പങ്കെടുത്തു.

## 05. സ്കൂൾ രാഷ്ട്രീയം : വിദ്യാഭ്യാസ അന്തരീക്ഷം തകർക്കും.

(കെ. സി. ബി. സി ഐക്യ-ജാഗ്രതാ കമ്മീഷൻ)

സ്കൂൾ രാഷ്ട്രീയം നടപ്പിലാക്കാനുള്ള ഇടതുസർക്കാരിന്റെ നിലപാട് വിദ്യാഭ്യാസ അന്തരീക്ഷം തകർക്കുമെന്നും അതൊരിക്കലും അംഗീകരിക്കാനാവില്ലെന്നും കെ. സി. ബി. സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പ്രസ്താവിച്ചു. കലാലയ രാഷ്ട്രീയം നിരോധിച്ച പരമോന്നത കോടതിയോടുള്ള പരസ്യമായ വെല്ലുവിളിയാണ് ഇത്തരത്തിലുള്ള ഇടതുപക്ഷ സർക്കാർ നീക്കം. ബാലവേദി എന്ന പേരിൽ പിൻവാതിലിലൂടെ രാഷ്ട്രീയം വിദ്യാർത്ഥികളിൽ കുത്തിനിറക്കാനുള്ള ഇടതു സർക്കാരിന്റെ തന്ത്രമാണിത്. ഒന്നോ രണ്ടോ രാഷ്ട്രീയക്കാരെ സൃഷ്ടിക്കുന്നതിനുവേണ്ടി എല്ലാ വിദ്യാർത്ഥികളുടെയും ഭാവി നശിപ്പിക്കണോ? കമ്മീഷൻ സെക്രട്ടറി ചോദിച്ചു. വിദ്യാഭ്യാസ നിലവാരം ഉയർത്തുവാനും മാതൃക വിദ്യാർത്ഥികളെ സൃഷ്ടിക്കുവാനും അങ്ങനെ പക്വതയുള്ള പൗരന്മാരെ രാഷ്ട്രീയത്തിന് നൽകാൻ പരിശ്രമിക്കേണ്ട സർക്കാർ വിദ്യാഭ്യാസത്തെ രാഷ്ട്രീയവത്ക്കരിക്കുവാനും വിദ്യാഭ്യാസമേഖലയെ കുട്ടിചോറാക്കുവാനും പരിശ്രമിക്കുന്നത് ശരിയല്ല. വിദ്യാലയ രാഷ്ട്രീയം നടപ്പാക്കാനുള്ള നീക്കത്തിൽ നിന്നും ഇടതുപക്ഷ സർക്കാർ പിന്മാറണമെന്ന് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടു.

## 06. രൂപതയുടെ സമരത്തിൽ പങ്കെടുത്ത പാർട്ടി അംഗങ്ങളോട് സി. പി. എം വിശദീകരണം തേടി

(Veekshanam 24-09-2007)

സുനാമി ഫണ്ട് വകമാറ്റിയതിനെതിരെ ആലപ്പുഴ രൂപതയുടെ നേതൃത്വത്തിൽ കഴിഞ്ഞ 17-ന് നടന്ന കളക്ട്രേറ്റ് മാർച്ചിൽ പങ്കെടുത്ത ക്രൈസ്തവ സി. പി. എം പ്രവർത്തകരോട് വിശദീകരണം തേടാൻ ജില്ലാ നേതൃത്വം കീഴ്ഘടകങ്ങൾക്ക് നിർദേശം നൽകി. സുനാമി ബാധിത പ്രദേശങ്ങളുടെ പുനർ നിർമ്മാണത്തിന് കേന്ദ്രസർക്കാർ അനുവദിച്ച ഫണ്ടിൽ നിന്നും എട്ടുകോടി രൂപ തീരപ്രദേശത്തെ ഒഴിവാക്കി സർക്കാർ ചെലവഴിക്കാൻ ശ്രമിച്ചതിനെ തുടർന്നാണ് ഉപരോധമടക്കമുള്ള സമരമുറകളുമായി ആലപ്പുഴ രൂപത രംഗത്തെത്തിയത്.

വൈദികരും കന്യാസ്ത്രീകളുമടക്കം ജില്ലയുടെ വെളി മുതൽ തോട്ടപ്പള്ളിവരെയുള്ള ഭാഗങ്ങളിൽ വ്യാപിച്ചു കിടക്കുന്ന രൂപതയുടെ കീഴിലെ മുഴുവൻ കുടുംബാംഗങ്ങളും അണിനിരന്ന സമരം ഏറെ ചർച്ച ചെയ്യപ്പെട്ടിരുന്നു. സമരത്തിൽ നിരവധി സി. പി എം പ്രവർത്തകരായ ക്രൈസ്തവരും പങ്കെടുത്തിരുന്നു. സി. പി. എം നേതൃത്വം നൽകുന്ന സംസ്ഥാന സർക്കാരിനെതിരെ നടന്ന സമരത്തിൽ പാർട്ടി പ്രവർത്തകർ സജീവമായി പങ്കെടുത്തത് ഗുരുതരമായ അച്ചടക്കലംഘനമെന്നാണ് നേതൃത്വം വിലയിരുത്തുന്നത്. ഇതേ തുടർന്ന് സമരത്തിൽ പങ്കെടുത്ത പാർട്ടി പ്രവർത്തകരുടെ വിശദീകരണം ആവശ്യപ്പെട്ടാൽ ജില്ലാകമ്മിറ്റി ഏരിയാ ബ്രാഞ്ച് കമ്മിറ്റികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇതിനിടയിൽ രൂപത നടത്തിയ സമരത്തിൽ നിന്നും വിട്ടു നിന്ന കെ. എസ് മനോജ് എം.പിയുടെ നടപടിക്കെതിരെ സഭാനേതൃത്വം രംഗത്തെത്തിയിട്ടുണ്ട്. ആലപ്പുഴ തീരദേശ ജനതയുടെ നിഷേധിക്കപ്പെട്ട നീതിക്ക് വേണ്ടി കളക്ട്രേറ്റ് ഉപരോധിച്ചപ്പോൾ പാർട്ടി നോക്കാതെ വോട്ട് തന്ന് സഹായിച്ചവരെ ഒരു നോക്ക് കാണുവാനോ സമരത്തിന് പിന്തുണ നൽകുവാനോ എം. പി തയ്യാറാകാതിരുന്നത് ഖേദകരമാണെന്ന് ഫാ. അലക്സ് കൊച്ചിക്കാരൻവീട്ടിൽ പുറത്തിറക്കിയ വിശദീകരണ കുറിപ്പിൽ പറയുന്നു.

കപട രാഷ്ട്രീയ മുഖം മൂടി അണിഞ്ഞ് തുടങ്ങിയതിന്റെ പ്രത്യക്ഷ ലക്ഷണമാണിതെന്നും കുറിപ്പിൽ പറയുന്നു. അവസരത്തിന് നുണ പറയുകയും പ്രീണിപ്പിക്കേണ്ടവരെ പ്രീണിപ്പിക്കുന്നതിനായി നാണമില്ലാതെ ഏതറ്റം വരെയും പോകുന്ന നപുംസക രാഷ്ട്രീയത്തിന്റെ നേതാവിനെയല്ല തങ്ങൾക്കാവശ്യം മറിച്ച് നീതി സമരങ്ങൾക്ക് വേണ്ടി മൂലബോധത്തോടെ പ്രവർത്തിക്കുന്ന ജനപക്ഷ നേതാവിനെയാണെന്ന് കുറിപ്പിൽ ചൂണ്ടിക്കാട്ടി.

07. **വിദ്യാലയ രാഷ്ട്രീയം അനുവദിക്കില്ല**. (കെ. സി. ബി. സി)

വിദ്യാലയ രാഷ്ട്രീയം പ്രോത്സാഹിപ്പിക്കുവാനുള്ള ഇടതുപക്ഷസർക്കാരിന്റെ നിലപാട് കേരളത്തിൽ അനുവദിക്കാനാവില്ലെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വക്താവ് സ്റ്റീഫൻ ആലത്തറ വ്യക്തമാക്കി. പാഠ്യനിലവാരം ഉയർത്താനും കേരളത്തിലെ സാധാരണ കുട്ടികളുടെ വിദ്യാഭ്യാസ അന്തരീക്ഷം മികച്ചതാക്കാനും പരിശ്രമിക്കേണ്ട വിദ്യാഭ്യാസ വകുപ്പ് സ്ക്കൂൾ വിദ്യാഭ്യാസത്തെ രാഷ്ട്രീയവത്ക്കരിക്കാൻ പരിശ്രമിക്കുന്നത് സാക്ഷരകേരളത്തിന് പൊറുക്കാനാവില്ല. ഇടതുപക്ഷസർക്കാരിന്റെ കീഴിൽ വിദ്യാഭ്യാസമേഖല കുത്തഴിഞ്ഞ് കിടക്കുകയാണ്. കേരളത്തിലെ പണക്കാരുടെ മക്കൾ കളടജ്ജ, ഇആടജ്ജ സ്ക്കൂളിൽ പഠിക്കുന്നവരായതുകൊണ്ട് പാവപ്പെട്ടവരും സാധാരണക്കാരുമായ വിദ്യാർത്ഥികളെയാണ് സ്ക്കൂൾരാഷ്ട്രീയം മോശമായി ബാധിക്കുക. വിദ്യാസമ്പന്നരായ യുവാക്കളുടെ ഇടയിൽ കമ്മ്യൂണിസത്തിന് വേരോട്ടം കുറവാണ് എന്ന ഇടതുപക്ഷപാർട്ടികളുടെ തിരിച്ചറിവാണ് വിദ്യാലയരാഷ്ട്രീയം നടപ്പിലാക്കുന്നതിന് ഗവൺമെന്റിനെ പ്രേരിപ്പിക്കുന്നത്. കേരളത്തിൽ കലാലയരാഷ്ട്രീയം പോലും കോടതികൾ നിരോധിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ബാലവേധിയുടെ രൂപത്തിൽ സ്ക്കൂൾ രാഷ്ട്രീയം നടപ്പിലാക്കാൻ പരിശ്രമിക്കുന്നത് ഗൂഢലക്ഷ്യത്തിന്റെ ഭാഗമാണ്.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും കോളേജുകളെയും പരിപൂർണമായും സർക്കാർ നിയന്ത്രണത്തിലാക്കുന്ന പുതിയ ഉന്നത വിദ്യാഭ്യാസ സമിതി നിയമത്തിലെ പല വകുപ്പുകളും സ്വീകാര്യമല്ല. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ പാസാക്കിയ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസസമിതി നിയമം 2007 –ന് ഏറെ അപാകതളുണ്ട്. അതിലെ അപാകതകൾ കോടതിയിൽ ചോദ്യം ചെയ്യാൻ കത്തോലിക്കാസഭ ഇതുവരെ വിവിധ കോടതികളിൽ നടത്തിയിട്ടുണ്ട്. ഇവയിലെല്ലാം തന്നെ സർക്കാർ പരാജയപ്പെടുകയായിരുന്നു. റോഡ് നന്നാക്കാനും പകർച്ചപ്പനി നിയന്ത്രണവിദേയമാക്കാനും വിനിയോഗിക്കേണ്ട പൊതുജനങ്ങളുടെ നികുതിപണം ഭരണപരിചയക്കുറവുമൂലം കോടതികളിൽ കേസിനായി ചെലവാക്കേണ്ട ഗതിക്കേടാണ് ഇടതുപക്ഷസർക്കാരിന് ഇപ്പോഴുള്ളത്.